പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.893 12.12.2012 ൽ മറുപടിയ്ക്ക്

## ബലക്ഷയം നേരിടുന്ന അണക്കെട്ടുകളുടെ സംരക്ഷണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. സി. എഫ്. തോമസ്<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. റ്റി. യു. കുരുവിള | | ശ്രീ. പി.ജെ. ജോസഫ്<br>(ബഹു.ജലവിഭവ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ ബലക്ഷയം നേരിടുന്ന അണക്കെട്ടുകൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;<br><br>(ബി) പ്രസ്തുത അണക്കെട്ടുകൾ നവീകരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | (എ & ബി) | സംസ്ഥാനത്തെ അണക്കെട്ടുകളുടെ കാലപ്പഴക്കം മൂലമുള്ള അപാകതകൾ പരിഹരിച്ച് പുനരുദ്ധീകരിക്കുന്നതിനായി അവയെ ലോക ബാങ്കിന്റെ സഹായത്തോടെ നടപ്പാക്കുന്ന ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 19 അണക്കെട്ടുകളും വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള 12 പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ അണക്കെട്ടുകളുടെയും സുരക്ഷയും പ്രവർത്തനങ്ങളും മെച്ചപ്പെടുത്തുന്നതിനായി അണക്കെട്ടുകളുടെയും അനുബന്ധ ഭാഗങ്ങളുടെയും അറ്റകുറ്റ പണികളും പുനരുദ്ധാരണ പ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യ വികസനവും നടപ്പാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതു സംബന്ധിച്ച നടപടികൾ ത്വരിതഗതിയിൽ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ